പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4369 | 17.12.2014- ൽ മറുപടിക്ക് |
|---|---|

## മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എ. പ്രദീപ് കുമാർ<br>" കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>" പി. റ്റി. എ. റഹീം<br>ശ്രീമതി. പി. അയിഷാ പോറ്റി | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ സർക്കാർ ഉടമസ്ഥതയിലുള്ള മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; കണ്ടെത്തിയ പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയായിരുന്നു; | എ) | വിലയിരുത്തിയിട്ടുണ്ട്. മാനസികാരോഗ്യ കേന്ദ്രങ്ങളിലെത്തുന്ന രോഗികളുടെ ആധിക്യത്തിനനുസരിച്ച് ഭൗതിക സാഹചര്യങ്ങളുടെയും ജീവനക്കാരുടെയും അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ബി) | ചികിത്സയ്ക്കും പരിചരണത്തിനും ആവശ്യത്തിനു ജീവനക്കാരില്ലാത്തത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു? | ബി) | 27-/11/2012-ലെ ജി.ഒ.(എം.എസ്) നം.396/2012/ആ.കു.വ, 06/04/2013-ലെ ജി.ഒ.(എം.എസ്) നം.130/2013/ആ.കു.വ എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്ത് 3 മാനസികാരോഗ്യ കേന്ദ്രങ്ങളിലായി താഴെപ്പറയുന്ന തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.<br><br>1) സീനിയർ കൺസൾട്ടന്റ് സൈക്യാട്രിസ്റ്റ് - 3<br>2) കൺസൾട്ടന്റ് സൈക്യാട്രിസ്റ്റ് - 5<br>3) ജൂനിയർ മെഡിക്കൽ കൺസൾട്ടന്റ് - 6<br>4) അസിസ്റ്റന്റ് സർജൻ - 11<br>5) റസിഡന്റ് മെഡിക്കൽ ഓഫീസർ - 2<br>6) സ്റ്റാഫ് നെഴ്സ് - 110<br>7) നഴ്സിംഗ് അസിസ്റ്റന്റ് ഗ്രേഡ് I - 6<br>8) നഴ്സിംഗ് അസിസ്റ്റന്റ് ഗ്രേഡ് II - 11<br>9) ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II - 35<br><br>കൂടാതെ തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വന്നിരുന്ന 125 ജീവനക്കാരെ ടി |

| | | | |
|---|---|---|---|
| | | | ആശുപത്രിയിൽ അനുവദിക്കപ്പെട്ടിരുന്ന ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II തസ്തികയിൽ സ്ഥിരപ്പെടുത്തി സ. ഉ. (എം. എസ്) 325/14/ആകുവ തീയതി 01/11/2014 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**